# കേരള സർവകലാശാല

നം.പി.ആർ.160/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ബിരുദ പ്രവേശനം - അപേക്ഷാതീയതി സെപ്റ്റംബർ 9 വരെ നീട്ടി

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിരിക്കുന്ന എല്ലാ ആർട്സ് ആന്റ് സയൻസ് കോളേജുകളിലേയും യു.ഐ.ടി കളിലേയും ബിരുദ പ്രവേശനത്തിന് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി കോവിഡ്-19 പശ്ചാത്തലത്തിൽ സെപ്റ്റംബർ 9, വൈകുന്നേരം 5 മണി വരെ നീട്ടിയിരിക്കുന്നു.

### പ്രാക്ടിക്കൽ

2020 ജൂണിൽ നടത്തിയ ബി.കോം എസ്.ഡി.ഇ (2017 അഡ്മിഷൻ) അഞ്ച്, ആറ് സെമസ്റ്റർ പരീക്ഷയുടെ പ്രാക്ടിക്കൽ (ഇലക്ടീവ് പേപ്പർ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് എടുത്ത വിദ്യാർത്ഥികൾക്ക്) സെപ്റ്റംബർ 7 ന് രാവിലെ 10 മണി മുതൽ പാളയത്തുള്ള എസ്.ഡി.ഇ ഓൾഡ് ബ്ലോക്കിൽ വച്ച് നടത്തുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2020 ജൂണിൽ നടന്ന ആറാം സെമസ്റ്റർ ബി.എസ്.സി മാത്തമാറ്റിക്സ് (വിദൂരവിദ്യാഭ്യാസം - 2017 അഡ്മിഷൻ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷയും വൈവ വോസിയും സെപ്റ്റംബർ 3, 4 തീയതികളിൽ പാളയത്തുള്ള പഴയ വിദൂരവിദ്യാഭ്യാസ കേന്ദ്രത്തിന്റെ കമ്പ്യൂട്ടർ ലാബിൽ വച്ച് നടത്തുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2020 ജൂണിൽ നടത്തിയ അഞ്ചും ആറും സെമസ്റ്റർ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ ഡിഗ്രി പരീക്ഷകളുടെ (2017 അഡ്മിഷൻ - വിദൂരവിദ്യാഭ്യാസം) പ്രാക്ടിക്കൽ, പ്രോജക്ട്, വൈവ വോസി പരീക്ഷകൾ 2020 സെപ്റ്റംബർ 7 മുതൽ പാളയത്തുള്ള പഴയ വിദൂരവിദ്യാഭ്യാസകേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

2020 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി എൻവയോൺമെന്റൽ സയൻസ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷയും വൈവയും സെപ്റ്റംബർ 7 നും, ജ്യോഗ്രഫി പ്രാക്ടിക്കൽ പരീക്ഷയും വൈവയും സെപ്റ്റംബർ 14 നും, ജിയോളജി പ്രാക്ടിക്കൽ പരീക്ഷയും വൈവയും സെപ്റ്റംബർ 16 നും ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## ടൈംടേബിൾ

2020 സെപ്റ്റംബറിൽ നടത്തുന്ന നാലാം സെമസ്റ്റർ ബി.പി.എഡ് ദ്വിവത്സര കോഴ്സ് (റെഗുലർ) പരീക്ഷയുടെ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

2020 സെപ്റ്റംബറിൽ നടത്തുന്ന അവസാനവർഷ എം.പി.ഇ പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## വൈവ വോസി

നാലാം സെമസ്റ്റർ എം.എ പബ്ലിക് അഡ്മിനിസ്ട്രേഷൻ വൈവ വോസി പരീക്ഷകൾ ആഗസ്റ്റ് 27 ന് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പുതുക്കിയ പരീക്ഷാതീയതി

ബാച്ച്ലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം/ബി.എച്ച്.എം.സി.റ്റി) കോഴ്സിന്റെ മാറ്റിവെച്ച ഒന്നാം സെമസ്റ്റർ പരീക്ഷകൾ സെപ്റ്റംബർ 15 മുതൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

2020 സെപ്റ്റംബറിൽ നടത്തുന്ന എട്ടാം സെമസ്റ്റർ ബാച്ച്ലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം) 2014 സ്കീം - റെഗുലർ, സപ്ലിമെന്ററി, 2012 & 2013 അഡ്മിഷൻ സപ്ലിമെന്ററി, 2006 സ്കീം ഫൈനൽ മേഴ്സിചാൻസ്) പരീക്ഷയ്ക്ക് പിഴകൂടാതെ സെപ്റ്റംബർ 7 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 11 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 16 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2020 ജനുവരിയിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം.എ മലയാളം (വിദൂരവിദ്യാഭ്യാസം - 2018 അഡ്മിഷൻ), സപ്ലിമെന്ററി (2017 അഡ്മിഷൻ) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 സെപ്റ്റംബറിൽ നടത്തിയ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് ഡിഗ്രി കോഴ്സ് (2013 അഡ്മിഷന് മുൻപ് മേഴ്സിചാൻസ്) ഒന്നും, രണ്ടും സെമസ്റ്ററുകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഓൺലൈനായി സെപ്റ്റംബർ 11 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ജൂലൈയിൽ നടത്തിയ നാല്, ആറ് സെമസ്റ്റർ ബി.കോം ഹിയറിംഗ് ഇംപയേർഡ് (2013 സ്കീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 23 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

# ലേർണിംഗ് മാനേജ്മെന്റ് സിസ്റ്റം ഉദ്ഘാടനം ചെയ്തു

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം ഐ.ക്യു.എ.സി യുടെ ആഭിമുഖ്യത്തിൽ ലേർണിംഗ് മാനേജ്മെന്റ് സിസ്റ്റം "edUCE" ന്റെ ഉദ്ഘാടനം സർവകലാശാല പ്രോ–വൈസ് ചാൻസലർ ഡോ.പി.പി.അജയകുമാർ ആഗസ്റ്റ് 26 ന് ഉച്ചയ്ക്ക് 2.30 ന് നിർവഹിക്കും. കോളേജ് പ്രിൻസിപ്പൽ ഡോ.ബിഷാരത്ത് ബീവി.എ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ, ക്വാളിറ്റി കൺട്രോൾ വിഷയത്തിൽ അന്താരാഷ്ട്ര വെബിനാറും ഉണ്ടായിരിക്കുന്നതാണ്.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

**തിരുവനന്തപുരം**

25.08.2020